## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1955 — 22-01-2014 ലെ മറുപടിയ്ക്ക്

### കെ.എസ്.എഫ്.ഇ.-യിലെ ഓഫീസ് അറ്റന്റന്റുമാർക്ക് ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ പ്രമോഷൻ നൽകുന്നതിന് നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ.എം.ഷാജി : | ശ്രീ. ഉമ്മൻ ചാണ്ടി (ബഹു.മുഖ്യമന്ത്രി) |
| എ) കെ.എസ്.എഫ്.ഇ.-യിലെ ഓഫീസ് അറ്റന്റന്റുമാർക്ക് 10% റേഷ്യോയിൽ ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ പ്രമോഷൻ നൽകുന്നത് സംബന്ധിച്ച് പി.എസ്.സി. അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ യോഗ്യതാ നിബന്ധനകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; | എ) ഉണ്ട്. കെ.എസ്.എഫ്.ഇ.യിലെ ജൂനിയർ അസിസ്റ്റന്റുമാർക്ക് അധികയോഗ്യത നിശ്ചയിച്ചുകൊണ്ട് റിക്രൂട്ട്മെന്റ് റൂൾസ് ഭേദഗതി ചെയ്യുന്നതുമായി ബന്ധപ്പെട്ട് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ 29-04-2008ൽ നൽകിയ ഭേദഗതി നിർദ്ദേശം നടപ്പിലാക്കുന്നതിന് വിധേയമായിട്ടാണ് ഓഫീസ് അറ്റന്റന്റുമാർക്ക് നിലവിലുള്ള 5%-ൽ നിന്ന് 10% റേഷ്യോയിൽ ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ പ്രമോഷൻ നൽകുന്നതിന് 26-04-13ലെ കത്ത് പ്രകാരം കമ്മീഷൻ അനുമതി നൽകിയത്. ടി നിർദ്ദേശത്തിൽ സബോർഡിനേറ്റ് സ്റ്റാഫിൽ നിന്ന് ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള നിയമനത്തിന് "ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ അല്ലെങ്കിൽ സർക്കാർ തത്തുല്യ യോഗ്യതയായി പ്രഖ്യാപിച്ചിട്ടുള്ള മറ്റ് യോഗ്യതകൾ" അധിക യോഗ്യതയായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ശുപാർശ ചെയ്തിരുന്നു. |
| ബി) നേരിട്ട് പി.എസ്.സി. വഴി നിയമിക്കപ്പെടുന്ന ജൂനിയർ അസിസ്റ്റന്റുമാർക്ക് ബാധകമാകാത്ത അധിക യോഗ്യത പ്രമോഷനർഹരായ | ബി) ജൂനിയർ അസിസ്റ്റന്റുമാരുടെ റിക്രൂട്ട്മെന്റ് റൂൾസ് ഭേദഗതി ചെയ്യുന്നതിനുള്ള ടി പ്രൊപ്പോസലിൽ |

ഓഫീസ് അറ്റന്റന്റുമാർക്ക് ബാധകമാക്കിയിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ ;

ഇവരുടെ നേരിട്ടുള്ള നിയമനത്തിനുള്ള രണ്ടാമത്തെ യോഗ്യത "പി.ജി.ഡി.സി.എ അല്ലെങ്കിൽ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള തത്തുല്യ യോഗ്യത" യായി ഭേദഗതി ചെയ്യാൻ കെ.പി.എസ്.സി. നിർദ്ദേശിച്ചിരുന്നു. റിക്രൂട്ട്മെന്റ് റൂൾസ് ഭേദഗതി ചെയ്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ഇതിനുള്ള നടപടികൾ നടന്നുവരുന്നു. അതിനാൽ ജൂനിയർ അസിസ്റ്റന്റുമാരുടെ നേരിട്ടുള്ള നിയമനത്തിന് അധിക യോഗ്യത ബാധകമാക്കി ഉത്തരവായിട്ടില്ല.

സി) സർക്കാർ ഓഫീസുകളിലെ ഓഫീസ് അറ്റന്റന്റുമാർക്ക് 10% പ്രമോഷൻ ആനുകൂല്യം ബന്ധപ്പെട്ട സ്പെഷ്യൽ റൂളിൽ മാറ്റം വരുത്തിയാണോ നടപ്പാക്കിയതെന്ന് വ്യക്തമാക്കുമോ ; ഇല്ലെങ്കിൽ കെ.എസ്.എഫ്.ഇ.യിൽ സ്പെഷ്യൽ റൂളിൽ മാറ്റം വരുത്തിയതിനുശേഷമേ നടപ്പാക്കാവൂ എന്ന് നിശ്ചയിച്ചതിന്റെ കാരണം വ്യക്തമാക്കുമോ ;

സി) സർക്കാർ ഓഫീസുകളിലെ ഓഫീസ് അറ്റൻഡന്റുമാർക്ക് 10% പ്രൊമോഷൻ ആനുകൂല്യം ബന്ധപ്പെട്ട സ്പെഷ്യൽ റൂളിൽ മാറ്റം വരുത്തിയിട്ടല്ല നടപ്പിലാക്കിയിട്ടുള്ളത്. കെ.എസ്.എഫ്.ഇ.യിലെ ജൂനിയർ അസിസ്റ്റന്റുമാർക്ക് അധിക യോഗ്യത നിശ്ചയിച്ചുകൊണ്ട് റിക്രൂട്ട്മെന്റ് റൂൾസ് (സ്പെഷ്യൽ റൂൾസ്) ഭേദഗതി ചെയ്യുന്നതുമായി ബന്ധപ്പെട്ട് കേരള പബ്ലിക് സർവീസ് കമ്മീഷന്റെ 29-04-08ലെ ഭേദഗതി നിർദ്ദേശം നടപ്പിലാക്കുന്നതിന് വിധേയമായിട്ടാണ് കെ.എസ്.എഫ്.ഇ.യിൽ ഓഫീസ് അറ്റന്റന്റുമാർക്ക് ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള റേഷ്യോ 5%-ൽ നിന്ന് 10% ആക്കി ഉയർത്താൻ 26-04-13ലെ കത്തിൽ കേരള പബ്ലിക് സർവീസ് കമ്മീഷൻ സമ്മതം നൽകിയത്. തദനുസരണമാണ് കെ.എസ്.എഫ്.ഇ.യിലെ ഓഫീസ് അറ്റന്റന്റുമാരുടെ ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേക്കു

ള്ള നിയമന അനുപാതം 5%ത്തിൽ നിന്ന് 10% ആക്കി ഉയർത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

ഡി) പുതിയ യോഗ്യത നിശ്ചയിച്ച ഉത്തരവ് വരും മുമ്പ് തസ്തികമാറ്റ പരീക്ഷ പാസ്സായി നിയമനത്തിന് അർഹത നേടിയിരുന്നവർക്ക് പുതിയ ഉത്തരവു മൂലം നിയമനം ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; അവർക്ക് പ്രമോഷൻ നൽകി യോഗ്യത നേടാൻ സമയമനുവദിച്ചു നൽകുമോ ?

ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ